# കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- സീക്രട്ട് സർവ്വീസ് ഫണ്ട് കൈകാര്യം ചെയ്യുന്ന വിജിലൻസ് ആസ്ഥാനത്തെ പോലീസ് സൂപ്രണ്ട്(ഇന്റ്)-ന്റെ നാമത്തിൽ ദേശസാൽകൃത ബാങ്കിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ. (സാധാ) നം.5627/2018/ധന.** തിരുവനന്തപുരം, തീയതി **03/07/2018**

പരാമർശം:- 1. 26.03.2018, 11.05.2018 എന്നീ തീയതികളിലെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ B1-2019/2018/DVACB നമ്പർ കത്ത്.

2. ഭരണവകുപ്പ് ഫയൽ നം. VIG-C1/106/2018-VIG Computer no.790078

### <u>ഉത്തരവ്</u>

സീക്രട്ട് സർവ്വീസ് ഫണ്ട് കൈകാര്യം ചെയ്യുന്ന വിജിലൻസ് ആസ്ഥാനത്തെ പോലീസ് സൂപ്രണ്ടിനു(ഇന്റ്) ഔദ്യോഗിക ബാങ്ക് അക്കൗണ്ട് നിലവിൽ ഇല്ലാത്തതിനാൽ ദേശസാൽകൃത ബാങ്കിൽ പലിശ രഹിത ഔദ്യോഗിക സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിക്കായി പരാമർശ കത്ത് പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സീക്രട്ട് സർവ്വീസ് ഫണ്ട് കൈകാര്യം ചെയ്യുന്ന വിജിലൻസ് ആസ്ഥാനത്തെ പോലീസ് സൂപ്രണ്ട്(ഇന്റ്)-ന്റെ നാമത്തിൽ (ടി അക്കൗണ്ടിൽ ബാലൻസ് തുക 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പരിധി കടക്കരുതെന്ന നിബന്ധനയോടെ) ദേശസാൽകൃത ബാങ്കിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
വിജിലൻസ്(സി)വകുപ്പ് (ഇ ഫയൽ നം. VIG-C1/106/2018-VIG Computer no.790078 പ്രകാരം )
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ